(എ) കേരളത്തിലെ ഫയർഫോഴ്സ് ട്രെയിനികൾക്ക് ഇന്ന് എത്ര രൂപയാണ് സ്റ്റൈപ്പന്റ് നൽകുന്നത്;

(ബി) സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വർദ്ധനവ് എപ്പോൾ മുതൽ നൽകുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 950/- രൂപ.

(ബി) പരിഗണനയിലാണ്.

88 (2274) കൂത്തുപറമ്പിൽ ഫയർസ്റ്റേഷന്റെ നിർമ്മാണം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പിൽ അനുവദിച്ചിട്ടുള്ള ഫയർസ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള കെട്ടിടനിർമ്മാണത്തിൽ കാലതാമസം വന്നതിനാൽ ഫയർസ്റ്റേഷൻ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

89 (2275) കാസർഗോഡ് ദുർഗുണ പരിഹാര പാഠശാല

ശ്രീ പിവി രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഒരു ദുർഗുണ പരിഹാര പാഠശാല സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനുള്ള ഒരു കെട്ടിടം പൂർത്തിയായതായി സർക്കാരിന്റെ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

(സി) ഈ പാഠശാല ആരംഭിക്കാൻ താലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

90 (2276) തീരദേശ നിയന്ത്രണ നിയമം

ശ്രീ സിടി അഹമ്മദ് അലി :

LIBRARY ARCHIVES Kerala Legislative Assembly